# കിടങ്ങൂർ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ
# പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ

## 2017 ജനുവരി 6, 7, 8, 9 തീയതികളിൽ



**2017** എന്ന പുതിയവർഷം എല്ലാ വിധത്തിലും അനുഗ്രഹപ്രദമായി തീരണേ എന്ന പ്രാർത്ഥന മനസ്സിൽ നിറഞ്ഞു നില്ക്കുമ്പോൾ ഇതാ കിടങ്ങൂർ പള്ളിയിൽ പരിശുദ്ധ അമ്മയുടെ തിരുനാൾ. അനുഗ്രഹ വർഷത്തിന്റെ ദിനങ്ങൾ ജനുവരി 6,7,8,9 തീയതികളിൽ ആഘോഷിയ്ക്കപ്പെടുകയാണ് തിരുനാൾ ഏവർക്കും ഐശ്വര്യ സമൃദ്ധമായ ഒരു പുതുവർഷത്തിനു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഇവിടെ ജാതിയോ മതമോ ഇല്ല. പരിശുദ്ധ കന്യകാമാതാവ് എല്ലാവർക്കും മാതാവാണ്. അതുകൊണ്ടു തന്നെയാണ് കിടങ്ങൂരെയും പ്രാന്തപ്രദേശങ്ങളിലെയും നാനാജാതിമതസ്ഥരായ ആളുകൾ തിരുനാളിൽ സംബന്ധിച്ച് അനുഗ്രഹീതരായി തീരുന്നത്.

ഒരു നൂറ്റാണ്ടിനു മുമ്പു ഈ ദൈവാലയം സമാരംഭിയ്ക്കുന്നതിനു കഠിനാദ്ധ്വാനം ചെയ്ത പൂർവീകർ, കഴിഞ്ഞ ഒരു നൂറ്റാണ്ടിലൂടെ ഈ ദൈവാലയത്തെ ഇന്നത്തെ നിലയിൽ വളർത്തിയെടുത്ത വൈദികർ, കാരണവന്മാർ എന്നിവരോടുള്ള നന്ദി, ഇടവക സ്ഥാപകനായ ബ. മാപ്ലേട്ട് "തൊമ്മിയച്ചൻ, ബ്രഹ്മാണ്ഡ സുന്ദരമായ ഇന്നത്തെ ദൈവാലയം പണികഴിപ്പിച്ച ബ. കോട്ടൂർ കുഞ്ഞേപ്പച്ചൻ എന്നിവർ എന്നും കിടങ്ങൂർക്കാരുടെ മനസ്സിൽ നിറഞ്ഞു നില്ക്കുന്നു. ഈ അവസരത്തിൽ പ്രത്യേകം അനുസ്മരിക്കപ്പെടുന്ന വ്യക്തിപ്രഭാവമാണ് ദൈവദാസൻ മാർ മാക്കീൽ പിതാവ്. കിടങ്ങൂര് ഒരു ദൈവാലയം സ്ഥാപിയ്ക്കുന്നതിനു വളരെയധികം ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും അനുവാദം തരുകയും ചെയ്ത വ്യക്തിയാണ് അഭിവന്ദ്യ മാക്കീൽ പിതാവ്.



ഫാ. മൈക്കിൾ നെടുന്തുരുത്തിൽ പുത്തൻപുരയിൽ (വികാരി)

കിടങ്ങൂർ ഒരു സാംസ്കാരിക കേന്ദ്രമാണ്. അതിനു പ്രധാനമായും നിദാനമായിട്ടുള്ളത് ഈ ദൈവാലയവും സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളുമാണ്. നാടിന്റെ സമഗ്രമായ വളർച്ചയ്ക്ക് പള്ളിയും പള്ളിക്കൂടവും കാരണമായിട്ടുണ്ട്. പുരാതനവും പ്രശസ്തവുമായ സെന്റ് മേരീസ് സ്കൂൾ ഇന്ന് രൂപതയിലെ എന്നല്ല സംസ്ഥാനത്തെ തന്നെ പ്രമുഖ സ്കൂളായിട്ടു ഉയർന്നതിൽ അഭിമാനമുണ്ട്

ഇടവകയിലെ എല്ലാ കാര്യങ്ങളിലും നന്നായി സഹകരിക്കുന്ന ഒരു ഇടവക സമൂഹമാണ് ഇവിടെയുള്ളത്. എല്ലാറ്റിനും കാരണക്കാരിയായ കോട്ടപ്പുറത്തമ്മയെ ഓർത്ത് ദൈവത്തിനു നന്ദിപറയുന്നു. തിരുനാളിൽ സംബന്ധിച്ച് പരിശുദ്ധ അമ്മയുടെ അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിന് ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.



പ്രസുദേന്തി: ശോശാമ്മ ജോസഫ് കൊല്ലപ്പള്ളിൽ & ഫാമിലി



### തിരുനാൾ പ്രോഗ്രാം

**2017 ജനുവരി 6 വെള്ളി**

6.30 am : സപ്രാ

6.45 am : കൊടിയേറ്റ്, ലദീഞ്ഞ്, ദിവ്യബലി
**വെരി. റവ. ഫാ. മൈക്കിൾ നെടുന്തുരുത്തിൽപുത്തൻപുരയിൽ**
(വികാരി)

6.30 pm : വേസ്പര, പ്രസംഗം
**റവ. ഫാ. ജെയിംസ് പൊങ്ങാനയിൽ**
(വികാരി കുമരകം പള്ളി)

7.30 pm : ജപമാല പ്രദക്ഷിണം
(ടൗൺ കുരിശുപള്ളിയിലേയ്ക്ക്)

8.30 pm : ആശീർവാദം
**കലാസന്ധ്യ** (ഇടവകസമൂഹം)
സ്നേഹവിരുന്ന് (സ്കൂൾ അങ്കണം)

**2017 ജനുവരി 7 ശനി**

6.30 am : സപ്രാ

6.45 am : പാട്ടുകുർബാന
**റവ. ഫാ. ജേക്കബ് വാലേൽ**
(വികാരി, സെന്റ് ജോസഫ്സ് ചർച്ച്, പുതുവേലി)

5.00 pm : വാദ്യമേളങ്ങൾ
(ടൗൺ കുരിശുപള്ളിയിൽ)

6.30 pm : ലദീഞ്ഞ്
(കുരിശുപള്ളിയിൽ)

6.45 pm : പ്രദക്ഷിണം
(പള്ളിയിലേക്ക്)

9.00 pm : പ്രസംഗം
**റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ**
(കോർപ്പറേറ്റ് എഡ്യൂക്കേഷണൽ സെക്രട്ടറി, പാലാ)

9.30 pm : പരി. കുർബാനയുടെ ആശീർവാദം
**വെരി. റവ. ഫാ. ജോർജ്ജ് പുതുപ്പറമ്പിൽ**
(വികാരി, ചുങ്കം ഫൊറോന പള്ളി)

**2017 ജനുവരി 8 ഞായർ**

6.45 am : സപ്രാ, ദിവ്യബലി

10.00 am : തിരുനാൾ റാസ
മുഖ്യകാർമ്മികൻ :
**റവ. ഫാ. ബിനീഷ് മാങ്കോട്ടിൽ**
(കെ.സി.വൈ.എൽ. & കാറ്റക്കിസം മലബാർ റീജിയൺ ഡയറക്ടർ)
സഹകാർമ്മികർ:
**റവ. ഫാ. സിജോ മണിയങ്ങാട്ട്**
**റവ. ഫാ. ഡാലീഷ് കോച്ചേരിയിൽ**
**റവ.ഫാ. ജോജിഷ് ചെമ്മന്തറ OSH**
**റവ. ഫാ. ജെബി മുഖച്ചിറയിൽ OFM Cap.**
തിരുനാൾ സന്ദേശം:
**റവ. ഫാ. ബിൻസ് ചേത്തലിൽ**
(ചൈതന്യ ഡയറക്ടർ)

12.00 noon : പ്രദക്ഷിണം

7.00 pm : **കലാസന്ധ്യ**
അവതരണം: **അമൃതം ഗമയ കൊച്ചിൻ**

**2017 ജനുവരി 9 തിങ്കൾ**

6.30 am : സപ്രാ

6.45 am : മരിച്ചവർക്കു വേണ്ടിയുള്ള കുർബാന
ഒപ്പീസ്



ജോസ് പോളച്ചേരിൽ



ജോസഫ് പുളിക്കൽ



സിറിയക് തോമസ് പായിക്കാട്ട്

കൈക്കാരന്മാർ



പി. യു. ഉതുപ്പാൻ പായിക്കാട്ട് (അക്കൗണ്ടന്റ്)



തോമസ് കൈതാരതൊട്ടിയിൽ



സജി പാലക്കാട്ട്

ദേവാലയ ശുശ്രൂഷികൾ



തോമസ് പുത്തൂർ
വോളണ്ടിയർ ക്യാപ്റ്റൻ